LIBRARY ARCHIVES Kerala Legislative Assembly

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

333(4343) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വില്ലേജ് ഓഫീസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇനി ഏതൊക്ക വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

പായിപ്പാട്, വാഴപ്പള്ളി കിഴക്ക്, വാഴപ്പള്ളി പടിഞ്ഞാറ്, തൃക്കൊടിത്താനം എന്നീ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുണ്ട്.

(സി) മുൻസർക്കാരിന്റെ കാലഘട്ടത്തിൽ ഏതൊക്കെ വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

വാഴപ്പള്ളി കിഴക്ക് വില്ലേജ് ഓഫീസിന് ചുറ്റുമതിൽ പണിയുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമായി 2020-21 സാമ്പത്തിക വർഷം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിരുന്നതും ടി തുക നിർവ്വഹണ ഏജൻസിയായ പി.ഡബ്ല്യൂ.ഡി. യിൽ വർക്ക് ഡിപ്പോസിറ്റ് ചെയ്തിട്ടുള്ളതുമാണ്. ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.*

## മലപ്പുറം റവന്യൂ ടവർ നിർമ്മാണം

334(4344) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ കലക്ടറേറ്റ് നിലവിൽ പ്രവർത്തിക്കുന്നത് ബ്രിട്ടീഷുകാരുടെ കാലത്തെ ബാരക്കിലാണ് എന്നതും ഇപ്പോഴത്തെ സാഹചര്യത്തിൽ കലക്ടറേറ്റ് പ്രവർത്തിക്കുന്നതിന് നിലവിലെ സൗകര്യം അപര്യാപ്തമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലാ കലക്ടറുടെ ചേമ്പർ നിലനിർത്തിക്കൊണ്ട് സിവിൽ സ്റ്റേഷനിൽ റവന്യൂ ടവർ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രൊപ്പോസൽ സർക്കാരിന് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേലുള്ള നടപടി ഏതുവരെയായി എന്ന് വിശദീകരിക്കാമോ?

(ബി&സി) മലപ്പുറം റവന്യൂ ടവർ നിർമ്മിക്കുന്നതിന് 65 കോടിയുടെ എസ്റ്റിമേറ്റ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ നിന്നും ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് പരിഗണിക്കുകയുണ്ടായില്ല.

### വില്ലേജ് ഓഫീസുകളുടെ നവീകരണം

335(4345) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

മലപ്പുറം മണ്ഡലത്തിൽ നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുള്ള വില്ലേജ് ഓഫീസുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്മാർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ വില്ലേജ് ഓഫീസുകളും നവീകരിക്കുന്നതിനും മികച്ച സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഓരോ സാമ്പത്തിക വർഷവും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന്/അറ്റകുറ്റപ്പണിക്ക് ഫണ്ട് അനുവദിക്കുന്നത്. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ വില്ലേജാഫീസുകളും വില്ലേജാഫീസിൽ നിന്നും നൽകിവരുന്ന സേവനങ്ങളും സ്മാർട്ടാകുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

### സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയും കെട്ടിടങ്ങളും

336(4346) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയും കെട്ടിടങ്ങളും കാട് കയറി നശിക്കുന്നതും അവ സാമൂഹ്യവിരുദ്ധരുടെ വിഹാരകേന്ദ്രങ്ങളായി മാറുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.